പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1978          14.07.2011- ലെ മറുപടി

## ഇന്ധന ക്ഷമത വർദ്ധിപ്പിക്കാൻ നടപടി

ചോദ്യം          ഉത്തരം

ശ്രീ.പി.കെ.ഗുരുദാസൻ
ശ്രീമതി.കെ.കെ.ലതിക
ശ്രീ. രാജു എബ്രഹാം
ശ്രീ.എം.ഹംസ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | അടിക്കടി ഉണ്ടാകുന്ന ഡീസൽ വില വർദ്ധന കെ.എസ്.ആർ.ടി.സി യുടെ പ്രവർത്തനത്തെ ഏതെല്ലാം നിലയിൽ ബാധിക്കുകയുണ്ടായി; വിശദമാക്കാമോ; | (എ) | ഡീസലിന്റെ വിലയിൽ ഒരു രൂപയുടെ വർദ്ധനവ് കെ.എസ്.ആർ.ടി.സി. ക്ക് പ്രതിദിനം നാല് (4) ലക്ഷം രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാക്കുന്നു. ഏറ്റവും ഒടുവിലത്തെ ഡീസൽ വില വർദ്ധനവ്മൂലം കോർപ്പറേഷന് പ്രതിദിനം പന്ത്രണ്ട് (12) ലക്ഷം രൂപയുടെ അധിക ചെലവ് വരുന്നുണ്ട്. |
| (ബി) | ഡീസലിന് പകരം സി.എൻ.ജി ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ കെ.എസ്.ആർ.ടി.സി ആരായുകയുണ്ടായോ; | (ബി) | ആരായുന്നുണ്ട്. |
| (സി) | ഇന്ധനക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾക്ക് ഫലം കണ്ടു തുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം കണ്ട് വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി.യിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2008 ജനുവരിയിൽ നാല് (4) സോണുകളായി തിരിച്ച് ഫ്യൂവൽ സെൽ രൂപീകരിച്ചു. ഡ്രൈവർമാരെ ബോധവൽക്കരിക്കാൻ ഡ്രൈവർ ട്രെയിനർമാരെ നിയോഗിച്ചു. ഡ്രൈവിംഗ് പരിശീലനത്തോടൊപ്പം ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് ഉതകുന്ന തരത്തിൽ സംസ്ഥാന വ്യാപകമായി ഓരോ |

| | | | |
|---|---|---|---|
| | | | ഷെഡ്യൂളിനും ടാർജറ്റ് ഡീസൽ നിർണ്ണയിച്ച് നൽകുകയും അവലോകനം ചെയ്ത് ടാർജറ്റ് ഡീസലിൽ എത്തിച്ചേരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചീഫ് ഓഫീസ് തലത്തിൽ ഓരോ ഡിപ്പോയുടെയും KMPL അവലോകനം ചെയ്യുകയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം ഡിപ്പോ അധികാരികളുമായി കൂടിയാലോചിച്ച് മേൽ നടപടികൾ ആരംഭിച്ചുവരുന്നു. 2008 ജനുവരിയിൽ KMPL 4.10 ആയിരുന്നത് പ്രവർത്തനങ്ങളുടെ ഫലമായി 4.27 വരെ എത്തിക്കാൻ സാധിച്ചു. തൻമൂലം 3,59,281 ലിറ്റർ ഡീസൽ പ്രതിമാസം ലാഭിക്കാൻ കഴിയുന്നുണ്ട്. |

സെക്ഷൻ ഓഫീസർ